**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6703** **21-03-2023 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിലെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ടൂറിസം മേഖലയെ മികച്ച വരുമാനദായക തൊഴിലാക്കി മാറ്റേണ്ടതിന്റെ ആവശ്യകത പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ടൂറിസം മേഖലയെ മികച്ച വരുമാനദായക തൊഴിലാക്കി മാറ്റുന്നതിന് ടൂറിസം വകുപ്പ് മുഖേന വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട് . കൂടുതൽ നിക്ഷേപങ്ങൾ ആകർഷിച്ചും പുതിയ പദ്ധതികൾക്ക് തുടക്കമിട്ടും ടൂറിസം മേഖലയിൽ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നുണ്ട് . ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി തദ്ദേശ വാസികൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനുള്ള വിവിധ പരിശീലനങ്ങൾ ടൂറിസവുമായി ബന്ധപ്പെട്ട മേഖലകളിൽ നൽകി വരുന്നുണ്ട് . കൂടാതെ യൂണിറ്റുകളും , സംരംഭങ്ങളും രൂപീകരിച്ചും ടൂറിസം വ്യവസായവുമായി പ്രദേശവാസികളെ ബന്ധിപ്പിച്ചും തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനുള്ള പരിശ്രമം നടത്തി വരുന്നു . ഇതുവരെ 23,786 രജിസ്റ്റേർഡ് യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ ഉണ്ട് . ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളിലൂടെ 53.39 കോടി രൂപയുടെ പ്രാദേശിക വരുമാനം തദ്ദേശ വാസികൾക്ക് മിഷൻ ആരംഭിച്ച 2017 ജൂലൈ മുതൽ ഇതുവരെയുള്ള കാലയളവിൽ ലഭിച്ചിട്ടുണ്ട് . |
| (ബി) | ഫാം ടൂറിസം, കാരവൻ ടൂറിസം, കായൽ ടൂറിസം തുടങ്ങിയ മേഖലകളിൽ യുവ സംരംഭകരെ ആകർഷിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും, പ്രസ്തുത പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ 'കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്' എന്ന പദ്ധതി 2021 സെപ്റ്റംബർ മാസം ആരംഭിച്ചിട്ടുണ്ട്. അഞ്ചു വിഭാഗങ്ങളിലായാണ് യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നത്.<br><br>കാറ്റഗറി 1- പുരയിടത്തിലെ കൃഷി - 25 സെന്റ് വരെ (ടെറസ് ഗാർഡനുകൾ ഉൾപ്പെടെ) - കാർഷിക |

ഉൽപ്പന്നങ്ങളുടെ വിൽപ്പന ശൃംഖലയിൽ ഉൾപ്പെടുത്തും.

കാറ്റഗറി 2- ഫാം വിസിറ്റ് യൂണിറ്റുകൾ- 25 സെന്റ് മുതൽ 1 ഏക്കർ വരെ - ഉൽപ്പന്ന വിൽപ്പനയ്ക്കും ഫാം സന്ദർശനത്തിനുമായി നെറ്റ്‌വർക്കിൽ ഉൾപ്പെടുത്തും .

കാറ്റഗറി 3- ഫാം ആക്ടിവിറ്റി സെന്ററുകൾ- 1 ഏക്കർ മുതൽ 10 ഏക്കർ വരെ- വിവിധ കൃഷി സംബന്ധമായ പ്രവർത്തനങ്ങൾ, മിയാവാക്കി വനങ്ങൾ, ഫാം റെസ്റ്റോറന്റുകൾ, ഉൽപ്പന്നങ്ങളുടെ വിൽപ്പന ഔട്ട് ലെറ്റ്, മൂല്യവർദ്ധിത കാർഷിക ഉൽപ്പന്നങ്ങൾ തുടങ്ങിയവ.

കാറ്റഗറി 4- ഫാം സ്റ്റേകൾ - താമസ സൗകര്യവും ഹോംസ്റ്റേ/ഗൃഹസ്ഥലി/ സർവീസ്ഡ് വില്ലകൾ/ ടെൻഡ് അക്കോമഡേഷൻ യൂണിറ്റുകൾ എന്നിവയിൽ ഏതിലെങ്കിലും ടൂറിസം വകുപ്പിന്റെ ക്ലാസ്സിഫിക്കേഷൻ/ തദ്ദേശ സ്വയം ഭരണ സ്ഥാപന ലൈസൻസ് ഉള്ള ഫാമിംഗ് യൂണിറ്റുകൾ ഈ വിഭാഗത്തിൽ വരുന്നു.

കാറ്റഗറി 5- ഫാം ടൂറിസം സെന്റർ- 10 ഏക്കർ മുതൽ 50 ഏക്കർ വരെ - ഗ്രീൻ ഫാംസ് കേരള നിയമങ്ങൾ പ്രകാരമുള്ള യൂണിറ്റുകൾ.

ഇതിന്റെ ഭാഗമായി രണ്ടു ഘട്ടങ്ങളിലായി 952 യൂണിറ്റുകൾ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട് . ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച കേരള അഗ്രി ടൂറിസം നെറ്റ് വർക്കിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന വിവിധ യൂണിറ്റുകൾ മൈക്രോ ടൂറിസം കേന്ദ്രങ്ങളായി വളർന്ന് വൻതോതിൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന നിലയിലേക്ക് മാറിയിട്ടുണ്ട് .

കാരവൻ ടൂറിസം പ്രോത്സാഹിപ്പിക്കുവാനും ഈ മേഖലയിൽ യുവസംരംഭകരെ ആകർഷിക്കുന്നതിനുമായി , മേഖലയിൽ നിക്ഷേപം നടത്തി രജിസ്റ്റർ ചെയ്യുന്നവർക്ക് താഴെപ്പറയും പ്രകാരം സബ്സിഡി അനുവദിക്കുന്നു ,

- ആദ്യത്തെ 100 സംരഭകർക്ക് 7.5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 15% സബ്സിഡി (അതിൽ ഏതാണോ കുറവ് അത് )
- 101 മുതൽ 200 വരെയുള്ള സംരംഭകർക്ക് 5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 10% സബ്സിഡി (ഏതാണോ കുറവ് അത് )

| | | | |
|---|---|---|---|
| | | | • 201 മുതൽ 300 വരെയുള്ള സംരംഭകർക്ക് 2.5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 5% സബ്സിഡി (ഏതാണോ കുറവ് അത് )<br><br>സംയോജിത കൃഷി പ്രോത്സാഹിപ്പിക്കുക, ഹോംസ്റ്റേകൾ പോലുള്ള ചെറുകിട ടൂറിസം അക്കോമഡേഷൻ യൂണിറ്റുകളെ സ്വയം പര്യാപ്ത യൂണിറ്റുകൾ ആക്കുക, റിസോർട്ടുകൾ, ഹോട്ടലുകൾ എന്നിവയ്ക്ക് ആവശ്യമായ കാർഷിക ഉൽപ്പന്നങ്ങൾ പരമാവധി പ്രാദേശികമായി വീടുകളിൽ കൃഷി ചെയ്ത് നെറ്റ്വർക്ക് ചെയ്യുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി ഫാം ടൂറിസത്തിലൂടെ നടന്ന് വരുന്നത്.<br><br>ബാക്ക് വാട്ടർ ഡെസ്റ്റിനേഷനുകളിൽ ഉത്തരവാദിത്ത ടൂറിസം പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. പ്രസ്തുത മേഖലകളിൽ യുവ സംരംഭകരെ ഉത്തരവാദിത്ത ടൂറിസം മിഷനുമായി ചേർത്ത് വിവിധ പരിശീലനങ്ങളും പ്രവർത്തനങ്ങളും നടന്നു വരുന്നു. |
| (സി) | വിദേശ, ആഭ്യന്തര വിനോദസഞ്ചാരികളുടെ സംസ്ഥാനത്തേക്കുള്ള വരവ് ഒരേ രീതിയിൽ നിലനിർത്തുന്നതിനും ടൂറിസം മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് സ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | വിദേശ - ആഭ്യന്തര വിനോദസഞ്ചാരികളുടെ സംസ്ഥാനത്തേക്കുള്ള വരവ് വർദ്ധിപ്പിക്കുന്നതിന് വിവിധ പരിശ്രമങ്ങൾ ടൂറിസം വകുപ്പ് നടത്തി വരുന്നുണ്ട് . പുത്തൻ ടൂറിസം ഉത്പന്നങ്ങൾ പുറത്തിറക്കിയും നൂതന പദ്ധതികൾ ആവിഷ്കരിച്ചും ഡെസ്റ്റിനേഷനുകളുടെ സൗകര്യം വർധിപ്പിച്ചും ടൂറിസം മേഖലയിലേയ്ക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള പ്രവർത്തനം സംഘടിപ്പിക്കുന്നു. പ്രത്യേക മാർക്കറ്റിംഗ് ക്യാമ്പയിനുകളും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നു . ഉത്തരവാദിത്ത ടൂറിസം മിഷൻ വിവിധ തരം അനുഭവവേദ്യ ടൂർ പാക്കേജുകൾ നടത്തി വരുന്നുണ്ട് . കൂടാതെ ഗ്രാമീണ ടൂറിസം പാക്കേജുകൾ, കൾച്ചറൽ എക്സ്പീരിയൻസ് പാക്കേജുകൾ, ഭക്ഷണ വൈവിധ്യങ്ങൾ അനുഭവിച്ച് അറിയുന്നതിന് വേണ്ടി എത്തിക് ക്യുസീൻ പാക്കേജുകൾ , സ്ത്രീ യാത്രികർക്ക് വേണ്ടി മാത്രം പ്രത്യേക ടൂർ പാക്കേജുകൾ, സ്ത്രീ സൗഹാർദ്ദ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ, ഫാം ടൂറിസവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന വിജയകരമായി നടപ്പിലാക്കി വരുന്നു.<br><br>ടൂറിസം മേഖലയിൽ തൊഴിലെടുക്കുന്നവരുടെ സ്ഥിര വരുമാനം ഉറപ്പ് വരുത്തുന്നതിന് വിവിധ പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു. കോവിഡാന്തര |

| | | | |
|---|---|---|---|
| | | | വിനോദസഞ്ചാരികളുടെ വരവിൽ വർദ്ധന രേഖപ്പെടുത്തിയിട്ടുള്ളതിനാൽ വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട സ്വകാര്യ മേഖലയിലും തൊഴിലാളികളുടെ വരുമാന സ്ഥിരത നിലനിർത്താനാകുന്നുണ്ട് . |
| (ഡി) | വനിതകൾ വിനോദസഞ്ചാര മേഖലയിൽ സംരംഭകരായി എത്തുന്നതിനുവേണ്ടി കൂടുതൽ ഇളവുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | വനിതകൾക്കായി വകുപ്പ് സ്ത്രീ സൗഹാർദ്ദ വിനോദ സഞ്ചാര പദ്ധതി ആരംഭിച്ചിട്ടുണ്ട് . അതുവഴി 10000 പുതിയ സംരംഭങ്ങൾ, 30000 പേർക്ക് തൊഴിലും വരുമാനവും ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ കൂടി ലക്ഷ്യമാക്കിയിട്ടുണ്ട് .വനിതകൾ വിനോദ സഞ്ചാര മേഖലയിൽ സംരഭകരായി വരുന്നതിന് പ്രത്യേക ഇളവുകൾ നൽകുന്ന കാര്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ